ടുന്ന ജോലി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. കൂടാതെ ജനറേറർ സ്ഥാപിക്കുന്നതിനെ സംബന്ധിച്ച സ്കീം ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ന്റെ അംഗീകാരത്തിനായി സമർപ്പിച്ചത് അംഗീകരിച്ചിതുവരെയും കിട്ടിയിട്ടില്ല. 1954-ൽ സ്ഥാപിച്ച മെഡിക്കൽ കോളേജ് ആശുപത്രിയിലെ മുഴുവൻ ഇലക്ട്രിക്കൽ ഇൻസ്റ്റലേഷനും ഈ ജോലിയോടൊപ്പ സ്റ്റാൻ ഡേർഡൈസ് ചെയ്യണം എന്നും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ് ആവശ്യ പ്പെട്ടിട്ടുണ്ട്. ഇതുകൂടാതെതന്നെ 1984-85 സാമ്പത്തിക വർഷത്തിൽ ആവശ്യ മായ ലാറർ ഓഫ് ക്രെഡിറ് ലഭ്യമാകാത്തതുകൊണ്ടും വർഷാവസാനം പ്രയ്മെൻറ് ബാൻ (Payment ban) വന്നതും 1985-86-ൽ ബഡ്ജറ് പ്രൊവിഷൻ ഇല്ലാതിരുന്നതുകൊണ്ടും മേൽ ജോലിക്ക് കാലതാമസം നേരിട്ടു. കഴിയുന്നതും വേഗം ജനറേറർ പ്രവർത്തിപ്പിക്കാൻ ശ്രമം നടന്നുകൊണ്ടിരിക്കുന്നു.

താലൂക്ക് ആശുപത്രികളിലെ പ്രവർത്തിക്കാത്ത എക്സ്റേ യൂണിറുകൾ

463. [577] ശ്രീ. കെ. മുസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എത്തെല്ലാം താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രികളിലെ എക്സ്റേ യൂണിറുകളാണ് പ്രവർത്തിക്കാത്തത് എന്ന് വെളിപ്പെടുത്താമോ ;

(ബി) എക്സ്റേ യൂണിറ് ഇല്ലാത്ത താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രികളിൽ അവ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) ടെലഫോൺ തകരാറുമൂലം നേരിട്ടു വിവരം ശേഖരിക്കാൻ പ്രയാസമായിരിക്കുന്നു. മറുവഴി വിവരം ശേഖരിച്ചുവരുന്നു.

(ബി) ഉണ്ട്.

കോഴിക്കോട് ഡെൻറൽ കോളേജ്

464. [578] ശ്രീ. എ.സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ഡെൻറൽ കോളേജ് എന്നുമുതലാണ് പ്രവർത്തനം തുടങ്ങിയത് ;

LIBRARY ARCHIVES Kerala Legislative Assembly